QP CODE: 24027783

24027783

Reg No : .....................

Name : .....................

# B.A DEGREE (CBCS) REGULAR / IMPROVEMENT / REAPPEARANCE EXAMINATIONS, OCTOBER 2024

## Third Semester

## COMPLEMENTARY COURSE - ML3CMT07 - സാഹിത്യവും ചരിത്രവും

Common to B.A History Model II Archaeology and Museology, B.A History Model II Communication and Publishing Sciences, B.A History Model II Forestry and Environmental History

2017 Admission Onwards

C88E31B8

Time: 3 Hours

Max. Marks : 80

### Part A

*Answer any **ten** questions.*

*Each question carries **2** marks.*

1. “കൊഞ്ചിക്കൊണ്ടു വളർത്തൊരു പൈതലേ കഞ്ഞിക്കില്ലാഞ്ഞു വിൽക്കുന്നിതു ചിലർ” - എന്താണ് ഈ വരികളിൽ ഉദ്ദേശിക്കുന്നത്. ?
2. “കുങ്കുമത്തിന്റെ വാസമറിയാതെ കുങ്കുമം ചുമക്കുംപോലെ ഗർദഭം” - ഈ പരിഹാസത്തിന്റെ ഉദ്ദേശമെന്ത് ?
3. “അതുമല്ലവളങ്ങു ചുറ്റു തെണ്ടി വിധുരയായ് ഭിക്ഷുവിൻ പാദമുദ്ര” - വിശദീകരിക്കുക.
4. “നെല്ലിൻ ചുവട്ടിൽ മുളയ്ക്കും- കാട്ടു പുല്ലല്ല സാധുപുലയൻ”- ഇങ്ങനെ പറയാൻ കാരണമെന്ത് ?
5. “അല്ലേലും ഈ ആണുങ്ങക്കു പെണ്ണുങ്ങ നന്നാവുന്നതു കണ്ടൂടാ” - ആരുടെ അഭിപ്രായം ? കാരണമെന്ത് ?
6. “ഈ ചോര എന്റേം കൂടി ചോരയാ , അവറാനേ ”- വിശദീകരിക്കുക.
7. കടൽത്തീരത്ത് എന്ന കഥയിൽ കേരളത്തിലെ ഏതെങ്കിലും രാഷ്ട്രീയ സാഹചര്യം കടന്നുവരുന്നുണ്ടോ എന്ന് പരിശോധിക്കുക.
8. “നിന്റെ ജീവനിലിഴുകിയ ഭാഗ്യമെന്തൊരു ഭാഗ്യം ”- എന്താണ് ഭാഗ്യം ? വിശദമാക്കുക.

9. “വാളും മഴുവും അമ്മയുടെ കഴുത്തിലേക്ക് നീട്ടിയും അധികാരം രക്ഷിക്കണമെന്നു കല്പിക്കുന്ന അച്ഛന്മാരുടെ ലോകം.” എന്താണ് ഉദ്ദേശിക്കുന്നത് ?വിശദീകരിക്കുക.

10. “വാക്കുകൾക്ക് പച്ചമണ്ണിന്റെയും പച്ചമീനിന്റെയും പുതുനെല്ലിന്റെയും മണം വരുമ്പോൾ അത് എത്രമേൽ വ്യത്യസ്തമായിരിക്കും” - നിങ്ങൾ യോജിക്കുന്നുവോ ?

11. പൊക്കുടൻ എന്ന പേര് എങ്ങനെയുണ്ടായി ?

12. “ഇന്നിപ്പോൾ ഭാവിയിൽ എങ്ങനെ അറിയപ്പെടണമെന്ന് ആരെങ്കിലും ചോദിച്ചാൽ എന്റെ ഉത്തരം വളരെ ലളിതമാണ് - കണ്ടൽപ്പൊക്കുടൻ എന്ന പേരിൽ അറിയപ്പെടണം” - ഇങ്ങനെ ആഗ്രഹിക്കാൻ കാരണമെന്ത് ?

(10×2=20)

**Part B**

*Answer any **six** questions.*

*Each question carries **5** marks.*

13. ജ്ഞാനപ്പാനയിൽ അക്കാലത്തെ ജനജീവിതത്തെ പൂന്താനം എപ്രകാരമാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. ?

14. മാതംഗിയുടെ മനപരിവർത്തനം എപ്രകാരമാണ് ചണ്ഡാലഭിക്ഷുകിയിൽ അവതരിപ്പിച്ചിരിക്കുന്നത് ?

15. പങ്ങൻ നായർ എന്ന കഥാപാത്രത്തിന്റെ വളർച്ച എപ്രകാരമാണ് നാടകത്തിൽ ആവിഷ്കരിച്ചിട്ടുള്ളത് ?

16. മതം മനുഷ്യനന്മയ്ക്കുപകരിക്കണം എന്ന ആശയം നമ്മളൊന്ന് എന്ന നാടകത്തിൽ എപ്രകാരം അവതരിപ്പിക്കുന്നു.

17. പുതിയകാലത്ത് ഗോഡ്സെ ഏതെല്ലാം രൂപങ്ങളിലാണ് അവതരിക്കുന്നത് ?

18. യന്ത്രവത്ക്കരണം തൊഴിലാളിജീവിതത്തെ എപ്രകാരം ബാധിച്ചു എന്ന് നെല്ലുകുത്തുകാരി പാറുവിന്റെ കഥ എന്ന കവിതയുടെ പശ്ചാത്തലത്തിൽ വിശദീകരിക്കുക.

19. ‘ചരിത്രത്തിലെ പന്തിഭോജനം’ പന്തിഭോജനം എന്ന കഥയിൽ എപ്രകാരമാണ് കടന്നുവരുന്നത് ?

20. പൊക്കുടന്റെ സ്കൂൾ അനുഭവങ്ങൾ വിവരിക്കുക.

21. കോളറയെക്കുറിച്ചും അതിന് അക്കാലത്തുണ്ടായിരുന്ന ചികിത്സയെക്കുറിച്ചും പൊക്കുടന്റെ ഓർമ്മകൾ എഴുതുക.

(6×5=30)

**Part C**

*Answer any **two** questions.*

*Each question carries **15** marks.*

22. 'ജാതിരഹിത സമൂഹസൃഷ്ടിക്കായുള്ള ആഹ്വാനമാണ് ചണ്ഡാലഭിക്ഷുകിയിൽ ആശാൻ നടത്തുന്നത്'- പരിശോധിക്കുക.
23. 'നാടകം സാമൂഹിക മാറ്റത്തിനുള്ള ആയുധമെന്ന് നമ്മളൊന്ന് എന്ന നാടകം തെളിയിക്കുന്നു'.- ഉപന്യാസം തയ്യാറാക്കുക.
24. 'കൊച്ചിയുടെ ചരിത്രവും കൊച്ചിയുടെ പരിസ്ഥിതിചരിത്രവും കൊച്ചിയിലെ വൃക്ഷങ്ങൾ എന്ന കവിതയിൽ' - ഈ വിഷയത്തെപ്പറ്റി ഒരു പ്രബന്ധം തയ്യാറാക്കുക.
25. 'കണ്ടൽ ജീവിതവും ദളിത് ജീവിതവും ഒരുപോലെയാണെന്ന് കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം എന്ന ആത്മകഥയിൽ പൊക്കുടൻ വിവരിക്കുന്നു' - പരിശോധിക്കുക.

(2×15=30)